പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 269 — 04.02.2013 ൽ മറുപടിക്ക്

## സ്ത്രീസുരക്ഷ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.കെ.ബാലൻ<br>ശ്രീമതി കെ.കെ.ലതിക<br>ഡോ. കെ.ടി.ജലീൽ<br>ശ്രീ. സി. കെ.സദാശിവൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |

(എ) സ്ത്രീകൾക്ക് തുല്യതയും നീതിയും ഉറപ്പുവരുത്തുന്നതിനും സ്ത്രീകളെക്കുറിച്ചുള്ള പുരുഷാധിപത്യ സാമൂഹ്യവീക്ഷണങ്ങൾ ഇല്ലാതാക്കുന്നതിനും സർക്കാർ തലത്തിൽ എന്തെല്ലാം കാര്യങ്ങൾ നിർവ്വഹിക്കേണ്ടതുണ്ടെന്ന് സർക്കാർ ആലോചിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ലൈംഗികാതിക്രമങ്ങളും സ്ത്രീകൾക്കെതിരായ ആക്രമണങ്ങളും തടയുന്നതിനുള്ള നിയമങ്ങൾ കർശനമാക്കാൻ സർക്കാർ തയ്യാറാകുമോ;

(സി) ഇതിനായി പോലീസ് സംവിധാനം ഏതെല്ലാം നിലയിൽ മെച്ചപ്പെടുത്താൻ ഉദ്ദേശിക്കുന്നു;

**മറുപടി**

(എ) സ്ത്രീപുരുഷ വ്യത്യാസമില്ലാതെ സ്ത്രീകൾക്കും പുരുഷൻമാർക്കും ഒരേ തരത്തിലുള്ള നീതി നിർവ്വഹണമാണ് സർക്കാർ നടപ്പിലാക്കി വരുന്നത്.

(ബി) യും (സി) യും സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് 2013 ലെ കേരള വനിതകളുടെ സ്വകാര്യതയും അന്തസ്സും സംരക്ഷണബിൽ നടപ്പ് സമ്മേളനത്തിൽ നിയമസഭയിൽ അവതരിപ്പിക്കാനുള്ള അന്തിമ നടപടികൾ സർക്കാർ തലത്തിൽ നടന്നുവരുന്നു. ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനായി നിലവിലുള്ള നിയമനുസരിച്ച് കർശന നടപടികൾ പോലീസ് വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്.

| | | | |
|---|---|---|---|
| (ഡി) | പോലീസ് സംവിധാനത്തിൽ നിന്നും സ്ത്രീകൾക്കെതിരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന അതിക്രമങ്ങളിൽ കുറ്റക്കാരായവരുടെ പേരിൽ മാതൃകാപരമായ ശിക്ഷ നൽകാൻ സർക്കാർ തയ്യാറാകുമോ? | (ഡി) | സ്ത്രീകൾക്കെതിരെ അതിക്രമങ്ങൾ നടത്തുന്ന പോലീസുദ്യോഗസ്ഥർക്കെതിരെ സർവ്വീസിൽ നിന്നും നീക്കുന്നതുൾപ്പെടെയുള്ള കർശനമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ